# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

മലപ്പുറം ജില്ല, രജി. നമ്പർ: 292/2010

# വാർത്താ പത്രിക

ലക്കം 1 | അംഗങ്ങൾക്ക് ഇടയിൽ വിതരണത്തിന് മാത്രം | ആഗസ്റ്റ് 2017

*പ്രിയ സുഹൃത്തെ,*

ക്ഷേമാശംകൾ നേരുന്നു. നമ്മുടെ സംഘടന ഈ വർഷം ഓണം - ബക്രീദ് ആഘോഷങ്ങൾ കുടുംബ സമേതം ആഘോഷിക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു. 2017 സെപ്തംബർ 09 ശനിയാഴ്ച്ച കാലിക്കറ്റ് യുണിവേഴ്സിറ്റിക്ക് സമീപമുള്ള **'ലീ കാഞ്ചീസ്'** ഓഡിറ്റോറിയത്തിൽ വെച്ച് രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ വിവിധ കലാപരിപാടികളോടെ ആഘോഷങ്ങൾ നടത്താനും, ഉച്ചക്ക് സമൂഹ സദ്യ നടത്താനും തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗം കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ **ഡോ. കെ. മുഹമ്മദ് ബഷീർ** ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രസ്തുത പരിപാടിയിലേക്ക് താങ്കളേയും കുടുംബാംഗങ്ങളേയും സവിനയം ക്ഷണിച്ചുകൊള്ളുന്നു.

*എന്ന്,*
*വിശ്വസ്ത വിധേയർ*

**പി. പി. എം. അഷ്റഫ്**
*പ്രസിഡണ്ട്*

**പി. സത്യകുമാരൻ നായർ**
*ജനറൽ സെക്രട്ടറി*

## പ്രസിഡണ്ടിന് പറയാനുള്ളത്

*പ്രിയ സുഹൃത്തുക്കളെ,*

***മുൻകൂറായി തന്നെ ഓണം - ബക്രീദ് ആശംസകൾ നേരുന്നു.***


ഒരേ കുടുംബത്തിലെ അംഗങ്ങളെ പോലെ കഴിഞ്ഞിരുന്ന നമ്മൾ പെൻഷൻ പറ്റി പിരിയുന്നതോടെ ബന്ധപ്പെടാൻ കഴിയാതെ പോയ ഒരു സാഹചര്യം ഉണ്ടായിരുന്നു. ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരം എന്ന നിലക്കാണ് 'റിട്ടയേർഡ് റവന്യൂ കൂട്ടായ്മ' എന്ന സംഘടനരൂപീകൃതമായതും, നാളിത് വരെ പ്രവർത്തിച്ചതും. നമ്മുടെ ഇടയിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കാനും, പരിപോഷിപ്പിക്കാനും ഈ സംഘടനാ പ്രവർത്തനം കൊണ്ട് സാധിക്കുമെന്ന് എനിക്ക് ഉത്തമ വിശ്വാസമുണ്ട്. അതിലേക്കുള്ള പല പ്രവർത്തനങ്ങളിൽ മികച്ചതായ ഒന്നാണ് 2017 സെപ്തംബർ 9ന് കാലിക്കറ്റ് സർവ്വകലാശാലക്ക് സമീപം കോഹിനുരിലെ "ലീ കാഞ്ചീസ്" എന്ന ഓഡിറ്റോറയത്തിൽ വെച്ച് നടക്കുന്ന നമ്മുടെ കുടുംബ സംഗമം പ്രസ്തുത ഓണം - ബക്രീദ് ആഘോഷത്തിൽ കുടുംബ സമേതം പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ട്, ഒരിക്കൽകൂടി ആശംസകൾ നേരുന്നു.



*വിശ്വാസപൂർവ്വം*
**പി.പി.എം. അഷ്റഫ്,**
പ്രസിഡണ്ട്



*ഗവ. ചീഫ് സെക്രട്ടറി ശ്രീ. ഇ.കെ. ഭരത്ഭൂഷൺ, ഐ.എ.എസ് അവർകൾക്ക് 2014 മെയ് 1-ന് സ്വീകരണം നൽകിയപ്പോൾ.*



# പ്രവർത്തനം ഇതുവരെ



പി.ടി. തങ്കപ്പൻ, (ട്രഷറർ)



2010 ഡയറക്ടറി പ്രകാശന സമ്മേളനം, പ്രാർത്ഥനയോടെ തുടക്കം.

ഒരേ വകുപ്പിൽ ഒരേ ഓഫീസിൽ ഒരേ കുടുംബത്തിലെ അംഗങ്ങളെ പോലെ സുഖഃദുഖങ്ങൾ പങ്കിട്ട് കഴിഞ്ഞിരുന്നവർ - പെൻഷൻ പറ്റുന്നതോടെ പരസ്പരം ബന്ധപ്പെടാനോ കാണാനോ സാധിക്കാതെ ഒറ്റപ്പെട്ടു പോകുന്ന ദുരവസ്ഥക്ക് പരിഹാരമെന്ന നിലയിലാണ് **റിട്ടയേർഡ് റവന്യൂ കൂട്ടായ്മ** എന്ന സംഘടന രൂപീകൃതമായത്. ഇതിലുപരിയായി, കൂട്ടായ്മ ആഘോഷങ്ങൾ നടത്തുകയും, വിനോദയാത്ര പോവുകയും, സാംസ്കാരിക കൂട്ടായ്മകൾ നടത്തുകയും ചെയ്യുന്നത് വാർദ്ധക്യത്തിലേക്ക് കാൽവെപ്പ് നടത്തുന്നവർക്ക് മാനസികമായും ശാരീരികമായും ഉന്മേഷം നൽകുന്നു.

റിട്ടയേർഡ് ആർ.ഡി.ഒ. ശ്രീ. കെ. നാരായണൻകുട്ടിയുടെ ആശയം 13-03-2010-ൽ കൂടിയ ജനറൽ ബോഡി ഐകകണ്ഠേന അംഗീകരിക്കുകയും **റിട്ടയേർഡ് റവന്യൂ കൂട്ടായ്മ** എന്ന പേരും നിയമാവലിയും പാസ്സാക്കുകയും ശ്രീ. പി. രാവുണ്ണിക്കുട്ടി നായർ, ശ്രീ. പി.ടി. തങ്കപ്പൻ, ശ്രീ. വി. രാധാകൃഷ്ണൻ എന്നിവരെ യഥാക്രമം പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുത്തുകൊണ്ട് അംഗീകൃതമായ ഒരു സംഘടന നിലവിൽ വരികയും ചെയ്തു.

**നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളിൽ പ്രധാനമായ ചില പ്രവർത്തനങ്ങൾ അംഗങ്ങളുടെ അറിവിലേക്കായി പരാമർശിക്കുന്നു.**

1. അസുഖം ബാധിച്ച് കിടപ്പിലായ അംഗങ്ങളുടെ വീട്ടിലോ ആശുപത്രിയിലോ പോയി സാന്ത്വനം നൽകുകയുണ്ടായി. ഈ വാർധക്യത്തിൽ രോഗശയ്യയിൽ കിടക്കുന്നവർക്ക് പഴയ സഹപ്രവർത്തകരുടെ ആശ്വാസവചനങ്ങൾ ലഭിക്കുന്നത് അത്യധികം സന്തോഷപ്രദമായിരുന്നു എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ വ്യക്തമാക്കാൻ സാധിക്കും.

2. രോഗശയ്യയിലുള്ള സാമ്പത്തികമായി വിഷമം അനുഭവിക്കുന്ന ജീവനക്കാർക്ക്, സാമ്പത്തിക സഹായം നൽകാൻ സാധിച്ചു എന്നത് ഓരോ അംഗത്തിനും അഭിമാനിക്കാവുന്ന നേട്ടമാണ്. താലൂക്ക് കമ്മിറ്റി നൽകുന്ന ശുപാർശക്കനുസൃതമായി ഈ തുക ഓരോരുത്തരുടേയും വീടുകളിൽ യഥാസമയം എത്തിച്ചിട്ടുണ്ട്.

3. മറ്റൊരു സുപ്രധാനമായ നേട്ടം, ഫോട്ടോ ഡയറക്ടറി പ്രസിദ്ധീകരിച്ചതാണ്. 09-10-2010-ലും 17-09-2016-ലും അംഗങ്ങളുടെ ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും അടങ്ങിയ മൾട്ടികളർ ഡയറക്ടറി പ്രകാശനം ചെയ്തു. ഇത് അംഗങ്ങൾക്ക് വളരെ സഹായകമായി എന്ന് പിൽക്കാല അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പലരും വിവാഹ ക്ഷണക്കത്തുകൾ അയക്കുന്നത് ഈ ഡയറക്ടറിയെ അവലംബിച്ചാണ്. ഫെയ്സ്ബുക്കിലൂടെയും വാട്ട്സാപ്പിലൂടെയും ബന്ധപ്പെടാൻ ഡയറക്ടറി പ്രയോജനപ്പെടുന്നു.

4. എല്ലാ അംഗങ്ങൾക്കും സർക്കാർ മുദ്രയോടുകൂടിയ തിരിച്ചറിയൽ കാർഡ് ജില്ലാ കലക്ടർ നൽകുകയുണ്ടായി. ഈ തിരിച്ചറിയൽ കാർഡ് വിവിധ ആവശ്യങ്ങൾക്ക് വളരെയേറെ ഉപകരിച്ചിട്ടുണ്ട്.

5. എല്ലാ വാർഷിക ജനറൽ ബോഡിയിലും 80 വയസ്സ് കഴിഞ്ഞ അംഗങ്ങളെ സമുചിതം ആദരിക്കാറുണ്ട്. ഈ നടപടി ഒരു കുടുംബാന്തരീക്ഷ പ്രതീതി സൃഷ്ടിക്കാറുണ്ട്.

6. എല്ലാ വർഷവും, ഓണം-റംസാൻ-പുതുവത്സരം എന്നിവ ആഘോഷപൂർവ്വം കൊണ്ടാടുന്നുണ്ട്. ഈ ആഘോഷങ്ങൾ അംഗങ്ങളുടെ കൂട്ടായ്മക്കും, മാനസിക ഉല്ലാസത്തിനും സൗഹൃദം പുതുക്കുന്നതിനും വളരെയധികം പ്രയോജനപ്പെടുന്നു.

7. മറ്റൊരു പ്രധാനപ്രവർത്തനം വാർഷിക വിനോദയാത്രയാണ്. വിരമിച്ച ശേഷം കുടുംബാന്തരീക്ഷത്തിൽ ഒതുങ്ങിക്കഴിയുന്ന അംഗങ്ങൾക്ക് പുറത്തിറങ്ങി പഴയ സഹപ്രവർത്തകരോടൊപ്പം രണ്ടോ മൂന്നോ ദിവസം സന്തോഷത്തോടെ കഴിയാനുള്ള ഒരവസരം കൂടിയാണ് വിനോദയാത്ര. ഊഷ്മളമായ സ്വാഗതമാണ് ഈ പരിപാടിക്ക് ലഭിക്കുന്നത്. വിവിധ വർഷങ്ങളിലായി, വയനാട്, തിരുവനന്തപുരം, മൂന്നാർ, കന്യാകുമാരി, ഹൈദരാബാദ്, ആലപ്പുഴ എന്നിവിടങ്ങളിൽ വിനോദയാത്ര നടത്തുകയുണ്ടായി.

8. വിശിഷ്ട വ്യക്തിത്വങ്ങൾ ആയ ചീഫ് സെക്രട്ടറി ശ്രീ. ഇ.കെ. ഭരത്ഭൂഷൺ, ഐ.എ.എസ്, ലാന്റ് റവന്യൂ കമ്മീഷണർ, ശ്രീ. എം.സി. മോഹൻദാസ്, ഐ.എ.എസ്, വയനാട് മുൻ ജില്ലാ കലക്ടർ ശ്രീ. ടി. ഭാസ്കരൻ ഐ.എ.എസ് എന്നിവർക്ക് സമുചിതമായ സ്വീകരണം നൽകാൻ നമ്മുടെ സംഘടനക്ക് ഭാഗ്യമുണ്ടായി.

9. സംഘടന രൂപീകൃതമായ ശേഷം 82 അംഗങ്ങൾ ഇഹലോകവാസം വെടിഞ്ഞു. അവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും സന്തപ്ത കുടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സംഘടന വാക്കിലും, പ്രവൃത്തിയിലും നിയമാവലിയിലും ജാതി, മത, രാഷ്ട്രീയ ചേരിതിരിവുകൾക്ക് അതീതമാണ്. കൂടാതെ റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ക്ലാസ് 4 മുതൽ ഡപ്യൂട്ടി കലക്ടർ വരെയുള്ളവർക്ക് സമസ്ഥാനം നൽകിക്കൊണ്ട് പ്രവർത്തിച്ചുവരുന്ന സംഘടനയാണ് എന്ന് നമുക്ക് അഭിമാനപുരസ്സരം പ്രസ്താവിക്കാം.

പ്രവർത്തനങ്ങൾ ഇനിയും ധാരാളം ഉണ്ടെങ്കിലും സ്ഥലപരിമിതി മൂലം തൽക്കാലം നിർത്തുകയാണ്. സംഘടനയുടെ വിജയത്തിന് കാരണം അംഗങ്ങളുടെ സഹകരണവും താൽപര്യവും, സാമ്പത്തിക സഹായവും, സാന്നിധ്യവുമാണ്. ഈ സഹകരണത്തിന് നന്ദി പറയുന്നതോടൊപ്പം ഭാവിയിലും ഈ സൗഹൃദം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.



2010 ഡയറക്ടറി പ്രകാശനം. കെ. നാരായണൻകുട്ടി, ആലങ്കോട് ലീലാകൃഷ്ണൻ, ഡോ. പി. ആലിക്കുട്ടി, ജില്ലാ കലക്ടർ എം.സി. മോഹൻദാസ്

# പത്രാധിപരുടെ തൂലികയിൽ നിന്ന്



പ്രിയ സുഹൃത്തുക്കളെ,

**ഓണം - ബക്രീദ് ആശംസകൾ നേരുന്നു.**

നമ്മുടെ സംഘടന സ്ഥാപിതമായിട്ട് ഏഴ് വർഷം പിന്നിട്ടുകഴിഞ്ഞു. ഈ കാലത്തിനിടയിൽ ധാരാളം പ്രവർത്തനങ്ങൾ നമ്മൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഇവയെല്ലാം യഥാസമയങ്ങളിൽ അംഗങ്ങൾക്കിടയിൽ എത്തിക്കാൻ നമുക്ക് സാധിച്ചിട്ടുമില്ല. ഈ ഒരു കുറവ് നികത്തുന്നതിനായിട്ടാണ് ഇതുപോലെ ത്രൈമാസ വാർത്താ പത്രിക ഇറക്കാൻ നിശ്ചയിച്ചിട്ടുള്ളത്.

പ്രസ്തുത പത്രികയുടെ ആദ്യ ലക്കം എന്ന നിലയിൽ കുറവുകളും പോരായ്മകളും കണ്ടേക്കാം. അവ സദയം ക്ഷമിച്ചുകൊണ്ട് സഹകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

നമ്മുടെ അംഗങ്ങൾ അറിയേണ്ടതായ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും യഥാസമയം അറിയിക്കുക, അംഗങ്ങൾക്ക് ആർക്കെങ്കിലും അസുഖമോ മറ്റോ ഉണ്ടായാൽ പ്രസ്തുത വിവരങ്ങൾ നൽകുക, സംഘടനയുടെ ആനുകാലിക പ്രവർത്തനങ്ങൾ യഥാസമയം പ്രവർത്തകരെ അറിയിക്കുക എന്നിവയെല്ലാം ഈ വാർത്താ പത്രികയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെട്ടതാണ്.

മേൽ പരാമർശിച്ച തരത്തിലുള്ള വാർത്തകൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട താലൂക്ക് സെക്രട്ടറിക്ക് മെമ്പർമാർ വിവരം നൽകേണ്ടതും, സെക്രട്ടറി അവ ക്രോഡീകരിച്ച് മുഖ്യ പത്രാധിപർക്കോ ഇതിന്റെ ചാർജ് വഹിക്കുന്ന വൈസ് പ്രസിഡണ്ട് രാവുണ്ണിക്കുട്ടി നായർക്കോ യഥാസമയം എത്തിക്കേണ്ടതാണ്.

എല്ലാവിധ സഹായ സഹകരണങ്ങളും ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് ഈ ആദ്യ പതിപ്പ് ഇതിനാൽ നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുന്നു.

**പി.എ. മജീദ്**
*ചീഫ് എഡിറ്റർ*

റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

## ഭാവി പരിപാടികൾ

**ഓണം - ബക്രീദ് ആഘോഷങ്ങൾ**

09-09-2017
ശനിയാഴ്ച
രാവിലെ 9 മണി

**"ലീ കാഞ്ചി ഓഡിറ്റോറിയം"**
കോഹിനൂർ - കാലിക്കറ്റ് യൂണിവേഴ്സിറ്റി

**ജനറൽ ബോഡി, ഏറനാട് താലൂക്ക്**

28-08-2017
തിങ്കളാഴ്ച
രാവിലെ 10 മണി

**വ്യാപാര ഭവൻ, മഞ്ചേരി**

**Website: www.rrkmpm.com**

## ആനുകാലിക വാർത്തകൾ

### പെൻഷൻകാർക്ക് മെഡിക്കൽ ഇൻഷൂറൻസ്

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചു. പ്രീമിയം തുകയായ 300 രൂപ എല്ലാ മാസവും പെൻഷനിൽ നിന്നും പിടിക്കും. ഒ.പി. ചികിത്സ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താവാകാൻ പ്രായപരിധി ഉണ്ടാകില്ല. കാഷ്ലെസ്, റീ ഇംബേഴ്സ്മെന്റ് സൗകര്യം, റജിസ്ട്രേഡ് നഴ്സിംഗ് ഹോം, ക്ലിനിക്, ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ കിടത്തി ചികിത്സ തേടുന്നവരാണ് . ഇൻഷുറൻസ് പരിരക്ഷക്ക് അർഹരാകുന്നത്. കാഷ്ലെസ്/റീ ഇംബേഴ്സ്മെന്റ് സൗകര്യങ്ങൾ തെരഞ്ഞെടുക്കാം. സർക്കാർ ആശുപത്രിയിലാണ് ചികിത്സ തേടുന്നതെങ്കിൽ ഇൻഷൂറൻസ് കമ്പനി നൽകുന്ന പണം സർക്കാർ അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ആശുപത്രിക്ക് കൈമാറും. ഭാര്യയും ഭർത്താവും ഇൻഷൂറൻസ് പദ്ധതിയിൽ അംഗമാണെങ്കിലും ഒരു ചികിത്സക്ക് ഒരു ക്ലെയിം മാത്രമെ അനുവദിക്കുകയുള്ളൂ.

സർക്കാർ നിർദ്ദേശിക്കുന്ന ദിവസത്തിനുള്ളിൽ അപേക്ഷ ഹാജരാക്കി പദ്ധതിയുടെ ഭാഗമാകാം. അപേക്ഷ നൽകാത്തവർക്ക് തൊട്ടടുത്ത വർഷമേ പദ്ധതിയിൽ അംഗമാകാനാകൂ. പെൻഷൻകാർ അപേക്ഷ ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കണം.

പദ്ധതിയിൽ അംഗമാകുന്ന എല്ലാവർക്കും ഇൻഷുറൻസ് കാർഡ് ലഭ്യമാക്കും. കാർഡ് തയ്യാറായാൽ ഉടൻ അതിന്റെ നമ്പർ അംഗത്തെ എസ്.എം.എസ്. മുഖേന അറിയിക്കും. പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ വെബ്സൈറ്റ് തയ്യാറാക്കും. ഇൻഷൂറൻസ് പദ്ധതി പ്രാബല്യത്തിലാകുന്ന അന്നു മുതൽ ആനുകൂല്യം നേടാം.

നേരത്തെ ബാധിച്ച രോഗങ്ങളുടെ ചികിത്സക്കും തുക ക്ലെയിം ചെയ്യാം. 24 മണിക്കൂർ ആശുപത്രി വാസത്തിന് മാത്രമല്ല, ഡെ കെയർ സെന്ററുകളിലെ ചികിത്സക്കും പരിരക്ഷ ലഭിക്കും. ഒ.പി. ചികിത്സകൾക്ക് വർഷം പരമാവധി 30,000 രൂപ വരെ ലഭിക്കും. ഇൻഷൂറൻസ് കമ്പനി അംഗീകരിച്ച ആശുപത്രികളിൽ നിന്നും സേവനവും മരുന്നും ലഭിക്കുന്നതാണ്.



കെ.വി.ദയാനന്ദന് ആർ.ആർ.കെ.യുടെ ഒരു കൈത്താങ്ങ്.



മുതിർന്ന അംഗം എം. ഗോപാലൻ നായരെ മുൻ ജില്ലാ കലക്ടർ ശ്രീ. കെ.പി.ബാലകൃഷ്ണൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു.



2016 ഓണാഘോഷത്തോടനുബന്ധിച്ചുള്ള സമൂഹ സദ്യ.



മുതിർന്ന അംഗങ്ങൾക്കുള്ള ഉപഹാരങ്ങൾ.



മുതിർന്ന അംഗത്തെ ആദരിക്കൽ.



2016 ഫോട്ടോ ഡയറക്ടറി ലാന്റ് ബോർഡ് സെക്രട്ടറി ശ്രീ. ടി. ഭാസ്കരൻ ഐ.എ.എസ്., മുൻ ജില്ലാ കലക്ടർ ശ്രീ. കെ.പി. ബാലകൃഷ്ണൻ ഐ.എ.എസ്. അവർകൾക്ക് നൽകി പ്രകാശനം ചെയ്യുന്നു.



inora pkl 9447177869